# Deepika

## 18 July 2018

## Kochi, Heavy Rain, Quarries, Immunaization Activities



# ക്വാറികളുടെ പ്രവർത്തനം ഒരാഴ്ച നിർത്തിവയ്ക്കാൻ ഉത്തരവ്

**രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാനും നിർദേശം**

**കൊച്ചി:** മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ അപകടസാധ്യത മുൻനിർത്തി ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ കളക്ടർ മുഹമ്മദ് സഫീറുള്ള നിർദേശിച്ചു. ക്വാറിയിൽനിന്നുള്ള മണൽവാരലും കൽപ്പൊടിയെടുക്കലുമടക്കമാണിത്. ജില്ലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശവും നൽകി. അതിശക്തമായ കാലവർഷത്തെത്തുടർന്ന് താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം കെട്ടിനിൽക്കുന്നതിനാൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുള്ള സാധ്യത മുൻനിർത്തിയാണ് നിർദേശം.

മഴക്കെടുതികളെ ഫലപ്രദമായി നേരിടുന്നതിന് കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് കളക്ടറേറ്റിൽ ചേർന്ന വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഓഗസ്റ്റ് പകുതിവരെ ശക്തമായ മഴ ലഭിക്കുമെന്നതിനാൽ ആരോഗ്യവകുപ്പ് മഴക്കാലരോഗങ്ങൾ ചെറുക്കുന്നതിന് മുൻകരുതലുകളെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രത്യേക ശ്രദ്ധ പതിയണം. അവരുടെ ആരോഗ്യപ്രശ്നങ്ങൾ വ്യക്തമായി മനസിലാക്കണം.

തൊഴിലാളി ക്യാമ്പുകളിലേതടക്കം എല്ലാ പ്രദേശങ്ങളിലെയും ശുചിത്വം വിലയിരുത്തുകയും ആവശ്യമായ നടപടികളെടുക്കുകയും ചെയ്യണം. ദുരിതാശ്വാസ ക്യാമ്പുകളിൽ തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ. വ്യക്തിശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത അവരെ പറഞ്ഞു മനസിലാക്കണം.

പതിവായി ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മാറ്റിപ്പാർപ്പിക്കുന്നതിന് ഉപകരിക്കുന്ന തരത്തിലുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്താനുള്ള കാര്യം ആലോചനയിലാണെന്ന് കളക്ടർ അറിയിച്ചു.

ജില്ലയിലെ 51 ദുരിതാശ്വാസ ക്യാമ്പുകളിൽ 15 എണ്ണം ഇത്തരത്തിൽ ശ്രദ്ധയിൽ പെട്ടതായും അദ്ദേഹം പറഞ്ഞു. ഈ സ്ഥലങ്ങളിൽ ടോയ്‌ലറ്റുകളുടെ എണ്ണം വർധിപ്പിക്കും. വണ്ടാനം പ്രദേശത്തെ മണൽ കൊണ്ടുള്ള ചെറുബണ്ട് ഒഴിവാക്കാൻ നിർദേശം നൽകി. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇക്കൊല്ലം മഴയുടെ ആഘാതം കൂടുതലായതിനാൽ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് പ്രത്യേക സ്ക്വാഡിനെ നിയോഗിക്കുമെന്നും കളക്ടർ അറിയിച്ചു. നാശനഷ്ടങ്ങൾ കുറഞ്ഞ താലൂക്കുകളിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിയാണ് സ്ക്വാഡ് രൂപീകരിക്കുക.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശ സനിൽ, എഡിഎം എം. കെ. കബീർ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഷീല ദേവി, അഡീ. ഡിഎംഒ ഡോ. എസ്. ശ്രീദേവി തുടങ്ങിയവർ പങ്കെടുത്തു.